# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

# മുന്നൊരുക്കം

## എ.എം.എൽ.പി .സ്കൂൾ താത്തൂർ

## സംഗ്രഹം

1. സ്ഥാപിത വർഷം : 1926
2. സർക്കാർ അംഗീകരിച്ചത് : 1932
3. സ്കൂൾ കോഡ് : 47224
4. യു ഡൈസ് കോഡ് : 32041501423
5. സ്ഥലം : താത്തൂർ
6. സ്കൂൾ വിലാസം : താത്തൂർ,പാഴൂർ പി.ഒ, മാവൂർ വഴി, 673661,കോഴിക്കോട്
7. ഫോൺ : 0495 2883750
8. ഇ.മെയിൽ : amlpsthathoor@gmail.com
9. വെബ്സൈറ്റ് :
10. വിദ്യാഭ്യാസ ജില്ല : താമരശ്ശേരി
11. റവന്യൂ ജില്ല : കോഴിക്കോട്
12. വിദ്യാഭ്യാസ ഉപജില്ല : കുന്ദമംഗലം
13. ബി.ആർ.സി : മാവൂർ
14. സ്കൂൾ വിഭാഗം : എൽ.പി
15. പഠന മാധ്യമം : മലയാളം
16. ആൺ കുട്ടികളുടെ എണ്ണം : 62
17. പെൺ കുട്ടികളുടെ എണ്ണം : 50
18. ആകെ വിദ്യാർത്ഥികളുടെ എണ്ണം : 112
19. അധ്യാപകരുടെ എണ്ണം : 5
20. പ്രീപ്രൈമറി വിഭാഗം ആൺ കുട്ടികൾ : 11
21. പ്രീപ്രൈമറി വിഭാഗം പെൺ കുട്ടികൾ : 14
22. ആകെ : 25
23. അധ്യാപികമാർ : 2
24. പ്രധാന അദ്ധ്യാപകൻ : [illegible]
25. പിടിഎ പ്രസിഡണ്ട് : നാസർ .പി.പി
26. എം.പിടിഎ ചെയർ പേഴ്സൺ : സുഹ്റ
27. സ്കൂൾ മാനേജർ : സുഹറാബി . ടി

* * * *

# ഒരുക്കം മാസ്റ്റർ പ്ലാൻ 2018 ൽ ആസൂത്രണം ചെയ്ത്, നടപ്പിലാക്കിയത്

## 1. മനോഹരമായ കെട്ടിടം

നിലവിലുള്ള പഴയ കെട്ടിടത്തിൽ നിന്ന്മാറി പുതിയ കെട്ടിടത്തിലേക്ക് പ്രവേശിച്ചു .

1951 -ൽ സ്ഥാപിച്ച പഴയ കെട്ടിടത്തിൽ നിന്ന് മാറി പുതിയ ആധുനിക രീതിയിലുള്ള കെട്ടിടത്തിലേക്ക് 2021 -ൽ മാറി . 6 ക്ലാസ്സ് റൂമുകളും സ്മാർട്ട് റൂമും ബാത്റൂമുകളും ഉൾപ്പെടുന്നതാണ് പുതിയ കെട്ടിടം . താത്തൂർ സ്കൂളിനെ സംബന്ധിച്ച് ഇതൊരു വഴിത്തിരിവാണ് ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്ത കാരണം കുട്ടികൾ കുറഞ്ഞു വരുന്നിടത്ത് നിന്ന് ഇപ്പോൾ സ്കൂളിൽ കുട്ടികൾ കൂടി കൊണ്ടിരിക്കുകയാണ് 2022 - ഏപ്രിൽ 2-ന് ഔദ്യോഗിക ഉൽഘാടനം നടന്നു .

## 2. ക്ലാസ്സ് ലൈബ്രറികൾ

സ്കൂൾ ലൈബ്രറിക്ക് പുറമെ എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറികൾ സ്ഥാപിച്ചു. കുട്ടികളിലെ വായന പ്രോത്സാഹിപ്പിക്കാൻ ക്ലാസ് ലൈബ്രറികൾ അത്യാവശ്യമാണ് .

നേരത്തെ പ്ലാൻ ചെയ്ത നടപ്പിലാക്കാൻ സാധിച്ചു

### 3. ലഘുനിക്ഷേപ പദ്ധതി

നേരത്തെ സ്കൂളുകളിൽ ഉണ്ടായിരുന്ന സഞ്ചയിക കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തിയിരുന്നു. സ്കൂളിൽ സഞ്ചയിക ഇപ്പോൾ നിലവിലില്ല. ചാത്തമംഗലം സർവീസ് ബാങ്കുമായി സഹകരിച്ച് കൊണ്ട് കുട്ടികളിൽ ലഘു നിക്ഷേപ പദ്ധതി ആരംഭിച്ചു. തിങ്കളാഴ്ചകളിൽ കുട്ടികളിൽ നിന്ന് പണം സ്വീകരിച്ച് ബാങ്കിൽ അടക്കുന്നു കുട്ടികൾക്ക് ആവശ്യമുള്ളപ്പോൾ പിൻവലിക്കാവുന്നതാണ്. അറബി അധ്യാപകൻ മുഹമ്മദ് റിഷാദ് ഇ സി ക്കാണ് ചുമതല.

### 4. പ്രഭാത ഭക്ഷണം

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും രാവിലെ സ്കൂളിലേക്ക് വരുമ്പോൾ ഒരു ഗ്ലാസ് കുരിയറി കഞ്ഞി നൽകുന്ന പദ്ധതി ആരംഭിച്ചു .സ്കൂളിലെ നൂറ്റിഅമ്പതോളം കുട്ടികൾക്ക് ഒരുദിവസം 5 കിലോഗ്രാം അരി ആവശ്യമുള്ള പദ്ധതിക്ക് ഒരു മാസം 5000 രൂപ ചെലവ് വരും .സ്പോസർഷിപ്പിലൂടെയാണ് ആവശ്യമായ തുക കണ്ടെത്തുന്നത്.

## 5. സ്പെഷ്യൽ ഇംഗ്ലീഷ് കോച്ചിങ്

കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക പ്രാവിണ്യം നേടുന്നതിനായി ഒഴിവു സമയങ്ങളിൽ കോച്ചിങ് നൽകുന്നു .പിറ്റിഎ യുടെ സഹകരത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് രക്ഷിതാക്കൾ പൂർണ സഹകരണം നൽകുന്നു. .ഒരുസ് പെഷ്യൽ ട്ടീച്ചറെ ഇതിനായി പിറ്റിഎ നിയമിച്ചിട്ടുണ്ട് .സ്പോകൺ ഇംഗ്ലീഷിന് പ്രധാന്യം നല്കുന്നതോടൊപ്പം ലേഖനത്തിനും പരിശീലനം നൽകുന്നു.

## 6. കരാട്ടെ പരിശീലനം

കുട്ടികളിൽ കായികക്ഷമത വർധിപ്പിക്കുന്നതിനും ,മാനസികാരോഗ്യം വളർത്തുന്നതിനും കരാട്ടെ പരിശീലനം നൽകുന്നു. ആഴ്ചയിൽ ഒരു പീരിഡ് ഇതിനായി നീക്കി വെക്ക്കുന്നു . താല്പര്യമുള്ള കുട്ടികളെ മാത്രമേ ക്ളാസിൽ പങ്കെടുപ്പിക്കുന്നുള്ളൂ .കുട്ടികളിൽ അച്ചടക്കവും ,അനുസരണയും ,കായികക്ഷമതയും, മാനസികാരോഗ്യവും വളർത്താൻ ഇത് ഉപകരിക്കുന്നു.

## ഉള്ളടക്കം


ആമുഖം

ചരിത്രം

സംഗ്രഹം

സേവനം ചെയ്ത അധ്യാപകർ

നിലവിലെ അവസ്ഥയും മാറ്റം വരുത്തേണ്ടതും

അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

ഗണിതം

പരിസര പഠനം

ഇംഗ്ലീഷ്

അറബിക്ക്

കലാ കായികം

വാർഷിക പ്രവർത്തനങ്ങൾ

ലൈബ്രറി

ക്ലബ് പ്രവർത്തനങ്ങൾ

സ്വാദിഷ്ടമായ ഉച്ചഭക്ഷണം

സ്ക്കൂൾ ഡയറി

സ്ക്കൂൾ പാർലമെന്റ്

ക്രസന്റ് പ്രീപ്രൈമറി സ്ക്കൂൾ

സ്പെഷ്യൽ ഇംഗ്ലീഷ് ഹിന്ദി ക്ലാസ്സുകൾ

തനത് പ്രവർത്തനം

അക്ഷരപ്പുലരി

മൂന്ന് വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ

ഐ.സി.ടി സാധ്യത വിപുലപ്പെടുത്തൽ

അടുക്കള/സ്റ്റോർറും

ടോയ്ലറ്റ്/ യൂറിനൽ

ചുറ്റുമതിൽ

സ്കൂൾ വാഹനം

സ്കൂൾ സൗന്ദര്യവൽക്കരണം

ഓഫീസ് നവീകരണം

# ആമുഖം

കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ഗൗരവതരമായ ചർച്ചകളാലും ഇടപെടലുകളാലും വലിയൊരുമുന്നേറ്റത്തന്റെ പാതയിലാണ്.ഇതിന്റെ പ്രധാന ചാലകശക്തിയാകേണ്ടത് പൊതു സമൂഹമാണ്. ഒരു നാട്ടിലെ വിദ്യാലയം മെച്ചപ്പെടുണോ നശിക്കോണോ എന്ന് തീരുമാനിക്കുന്നത് അവിടുത്തെ അധ്യാപകരും പൊതുസമൂഹവുമാണ്. സമൂഹത്തിന് വിദ്യാലയത്തെ ഉയർച്ചയിലേക്ക് തിരിച്ച് വിടാൻ പല വേദികളുണ്ട്, അവസരങ്ങളുണ്ട്.

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ മുന്നേറ്റം ഭൗതിക സാഹചര്യങ്ങൾ, മാനുഷിക വിഭവശേഷി സമ്പത്ത്, വിവിധ പഠനസാമഗ്രികൾ, ചുറ്റുപാട് അധ്യാപകരുടേയും രക്ഷിതാക്കളുടേയും മനോഭാവം ഉദ്യോഗസ്ഥന്മാരുടെ ഇടപെടലുകൾ, എന്നിവ ആശ്രയിച്ചായിരിക്കും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും ഗുണപ്രദവും സ്വതന്ത്രവും, ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. സക്രിയമായ പഠനാന്തരീക്ഷം അവർക്ക് ലഭ്യമാവണം. ലഭ്യതയും കാര്യക്ഷമമായ ഉപയോഗവും നടപ്പിലാവണം. ഉയർന്നനിലവാരമുള്ള പഠനസൗകര്യവും ആരോഗ്യ ശുചിത്വ സുരക്ഷാ സംവിധാനത്തോടെ ഭയരഹിതമായി നല്ലചുറ്റുപാടിൽ ലഹരി വസ്തുക്കൾക്ക് അടിമപ്പെടാൻ അവസരമില്ലാതെ സമൂഹത്തിനും, വീട്ടിനും, ഉപകാരപ്രദമായ പൗരൻമാരായി വളരണം, അതിന്ന് സമൂഹം സഹചര്യം ഒരുക്കിയേ പറ്റൂ.

ഏറ്റവും നല്ല രീതിയിൽ ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിദ്യാലയത്തിൽ പാരന്റ്സ്ടീച്ചേഴ്സ് അസോസിയേഷനുകൾ PTA കളുണ്ട്. ദൈനംദിന ഇടപെടലിനും മറ്റും അമ്മമാരുടെകൂട്ടായ്മയായ മദർ പിടിഎകളുണ്ട് സമൂഹത്തിലെ റിസോഴ്സ് പേഴ്സണുകളുടേയും വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകരുടേയും പിന്തുണയുമായി സ്ക്കൂൾ സപ്പോർട്ട് ഗ്രൂപ്പുണ്ട് SSG കൂടാതെ പൂർവ്വവിദ്യാർത്ഥിസംഘടന അധ്യാപക സംഘടന, സാംസ്കാരിക സംഘടനകൾ,സന്നദ്ധസംഘടനകൾ, പ്രവാസി സംഘടനകൾ തുടങ്ങിയ വരുടെ പ്രവർത്തനങ്ങൾ വിദ്യാലയ വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവണം. അവരുടെ സേവനങ്ങൾ വിദ്യാലയത്തിന് ലഭിക്കണം, ലഭ്യമാക്കണം. അങ്ങനെ വിദ്യാലയം പൊതു സമൂഹത്തിന്റേതാകണം. സ്ക്കൂൾ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്ക്കൂൾ സംരക്ഷണ പ്രതിജ്ഞ ചൊല്ലലും പൂർവ്വ വിദ്യാർത്ഥി ക്കൂട്ടായ്മയും സംഘടിപ്പിച്ചു. അക്കാദമി കാര്യങ്ങൾക്ക് നേതൃത്വം നൽകുന്ന അധ്യാപകരുടെ ഗ്രൂപ്പായ സ്ക്കൂൾ റിസോഴ്സ് ഗ്രൂപ്പും , പിടിഎ , എം പി ടി എ, വിവിധ സംഘടനാപ്രതിനിധികൾ ചേർന്നാണ് നാം അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അടുത്ത മൂന്ന് വർഷം കൊണ്ട് നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രമാവണം അതിന്ന് നമുക്കൊരുമിച്ച് പ്രവർത്തിക്കാം

* * * *

## എ. എം. എൽ. പി. സ്ക്കൂൾ താത്തൂർ

**ചരിത്രം**

1932 ൽ ബ്രട്ടീഷ് സർക്കാറിന്റെ അംഗീകാരത്തോടെ മലബാർ മാപ്പിള റെയ്ഞ്ചിന്റെ കീഴിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. ചാലിയാറിന്റെ തൊട്ടടുത്ത് അതിമനോഹരമായി ഉയർന്ന് നിൽക്കുന്ന താത്തൂർ എന്ന കൊച്ചുഗ്രാമത്തിലെ ഓത്തുപള്ളിയിലാണ് തുടക്കത്തിൽ വിദ്യാലയം പ്രവർത്തിച്ചത്. എന്നാൽ ഭൗതിക പഠനകേന്ദ്രവും, മതപഠനകേന്ദ്രവും വേറിട്ടുനിൽക്കുന്നതാണ് ഉചിതമെന്ന രാഷ്ട്രീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ക്കൂൾ ഓത്തുപള്ളിയിൽ നിന്ന് വേർപ്പെടുത്തൽ അനിവാര്യമായി. വിദ്യാലയം നാടിന്ന് നഷ്ടമാവുമെന്ന സാഹചര്യം വന്നു. അക്കാലത്താണ് ഭൗതിക വിദ്യാഭ്യാസപുരോഗതിയിൽ താല്പര്യം കാണിച്ച്, നാടിന്റെ പുരോഗതിയിൽ ഉയർന്ന കാഴ്ചപാട് പുലർത്തിപോന്ന നാട്ടിലെ പ്രബല കുടുംബാംഗമായ കെ എം ഉണ്ണിമോയിൻ മുസ്ല്യാർ രംഗത്ത് വരികയും വിദ്യാലയം ഏറ്റെടുത്ത് നടത്തുകയും ചെയ്തു. അതോടെ വിദ്യാലയത്തിന് മറ്റൊരു താല്ക്കാലിക സ്ഥലം കണ്ടെത്തി.

പുരോഗതിയുടെ പടവുകൾ താണ്ടിയ വിദ്യാലയത്തിന് 1961 ൽ പുതിയ കെട്ടിടം നിലവിൽ വരികയും, കഴിവുറ്റ അധ്യാപകരുടെ ശിക്ഷണത്തിൽ മുന്നോട്ട് കുതിക്കുകയും ചെയ്തു. കെ അബ്ദുള്ള മാസ്റ്റർ, വേലായുധൻ മാസ്റ്റർ, കൃഷ്ണൻ മാസ്റ്റർ, വാസന്തി ടീച്ചർ, അബദുള്ള മാസ്റ്റർ,അബ്ദുൾ ലത്തീഫ് മാസ്റ്റർ തുടങ്ങിയ പ്രഗൽഭരായ അധ്യാപകർ അമരത്തിരുന്ന് ഈ സ്ഥാപനത്തെ മുന്നോട്ട് നയിച്ചു. അബ്ദുൽ റസാഖ് മാസ്റ്റർ, അബ്ദുൽ കരീം മാസ്റ്റർ തുടങ്ങിയ ഭാഷാധ്യാപകരും ഇതിന്ന് കരുത്തേകി.

ഉണ്ണിമോയിൻ മുസ്ല്യാരുടെ നിര്യാണത്തോടെ മൂത്ത മകൻ പി പി മുഹമ്മദാജിയുടെ മേൽനോട്ടത്തിൽ വിദ്യാലയം പ്രവർത്തിച്ചു. ഇപ്പോൾ ഇളയ മകൻ പി പി അബ്ദുൽ ലത്തീഫ് മാസ്റ്ററുടെ ഭാര്യയുടെ പേരിലുള്ള വിദ്യാലയത്തെ അദ്ദേഹവമാണ് നയിക്കുന്നത്. മുമ്പ് എട്ടു ഡിവിഷനുകളിലായി പ്രവർത്തിച്ചിരുന്ന സ്ഥാപനം ഇപ്പോൾ നാലു ഡിവിഷനുകളിലൊതുങ്ങി. എന്നാൽ പ്രീ പ്രൈമറി വിഭാഗങ്ങളായ എൽ കെ ജി യും, യു കെ ജി യും നല്ല നിലയിൽ ഈ വിദ്യാലയത്തോടൊപ്പം പ്രവർത്തിക്കുന്നു. ഇത് തുടങ്ങാനായത് വിദ്യാലയത്തിന്റെ പുരോഗതിക്ക് ഒരു നാഴികകല്ലായി രക്ഷിതാക്കളുടെ ആവശ്യപ്രകാരം ഇംഗ്ലീഷ് ഭാഷക്ക് പ്രത്യേക പ്രാധാന്യം നൽകി "സ്പെഷ്യൽ ഇംഗ്ലീഷ് പഠന പദ്ധതി" വിജയകരമായി മുന്നോട്ട് പോകുന്നു.രണ്ട് വിഭാഗങ്ങളിലായി നൂറിലധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം പാഠ്യ -പാഠേതരരംഗങ്ങളിൽ മികവ് പുലർത്തുന്നു. സ്ക്കൂളിന്റെ കാര്യങ്ങളിൽ സജീവ സാന്നിധ്യമുള്ള പി ടി എ കമ്മറ്റിയും, എം പി ടി എ കമ്മറ്റിയും പ്രവർത്തിക്കുന്നു.

* * *

## സ്കൂളിൽ സേവനം ചെയ്ത അധ്യാപകർ

1. കെ. വേലായുധൻ നായർ
2. പിവി കൃഷ്ണൻ നായർ
3. ടിപി അന്നകുട്ടി
4. പിപി അബ്ദുൾ കരീം
5. മേരി ജോസഫ്
6. സിഎൻ സുധാകരൻ നായർ
7. എൻ തങ്കമ്മാൾ
8. ആർ. ചന്ദ്രിക
9. വിടി ശാരദമ്മാൾ
10. വികെ വിജയൻ നായർ
11. എം. അഹമ്മദ്
12. സി. ഇമ്പിച്ചി ബീവി
13. ഡിവാസന്തി അമ്മ
14. പിമ്മദ് കുട്ടി
15. സുധാകരൻ മുണ്ടക്കൽ
16. പിഅഹമ്മദ്കുട്ടി
17. പിപി അബ്ദുറസാഖ്
18. കുഞ്ഞായി അത്തോളി
19. എം.അബ്ദുറഹിമാൻ
20. പിമുരളീധരൻ
21 പിപി അബ്ദുൽ ലതീഫ്
22. വിഅബ്ദുൽ സലാം
23. വികെ മുഹമ്മദ്
24 റഹ്മത്ത് .യു
25. സുബൈദ.യു
26. മുഹമ്മദ് അബ്ദുൽ ജലീൽ.യു
27. എൻ.സുധ
28. മുഹമ്മദ് അബ്ദുൽ ബാരിപിപി
29. സൽമത്ത്.എ.ടി
30. പിഎം .ചന്ദ്രിക
31. സുധാലക്ഷ്മി പി
32. അബ്ദുറഹിമാൻ പി പി

## നിലവിലുള്ള അധ്യാപകർ

1. അയ്യൂബ് പി (ഹെഡ്മാസ്റ്റർ)
2. അനിത എൻ
3. ശാന്തകുമാരി പിറ്റി
4. ഷാക്കിറ കെ പി
5. മുഹമ്മദ് റിഷാദ് ഇ സി

## സ്ക്കൂളിന്റെ നിലവിലെ അവസ്ഥയും മാറ്റം വരുത്തേണ്ടതും

നിലവിൽ സ്ക്കൂളിന് റോഡിന് ഇരുവശങ്ങളിലായി രണ്ട് കെട്ടിടങ്ങളുണ്ട്. ഓടിട്ട കെട്ടിടങ്ങളാണ് രണ്ടും. ഒന്നിൽ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിക്കുമ്പോൾ രണ്ടാമത്തേതിൽ പ്രൈമറി വിഭാഗം സ്ക്കൂൾ പ്രവർത്തിക്കുന്നു. പഴയ കെട്ടിടമായത് കൊണ്ട് ആകർഷണീയമല്ല. മൂന്നും നാലും ക്ലാസുകൾ ഒരു ഹാളിലാണ് പ്രവർത്തിക്കുന്നത്. വി.കെ മുഹമ്മദ് മാസ്റ്റർ സംഭാവന ചെയ്ത സപ്പറേഷൻ ബോഡ് കൊണ്ട് ക്ലാസ് ഈ വർഷം വേർതിരിച്ചു. ഒന്നും രണ്ടും പ്രവർത്തിക്കുന്നത് വാതിലോ ജനലോ ഇല്ലാത്ത് റൂമുകളിലാണ്. ഒരാൾ ഉയരത്തിൽ ചുമരുണ്ട് എന്നത് മാത്രമാണ് ഒരാശ്വാസം. നല്ല മഴയുള്ളപ്പോൾ ചോർച്ച അനുഭവപ്പെടാറുണ്ട്. എല്ലാ വർഷവും മാനേജ്മെന്റ് മെയ്ന്റനൻസ് ചെയ്യാറുണ്ട്. സ്കൂളിന് നല്ല ഓഫീസ് റൂം ഇല്ല സ്റ്റോക്ക് റൂം ഇല്ല. അടുക്കളയിൽ ഗ്യാസ് കണക്,ൻ എടുത്തിട്ടുണ്ട്. ഈ വർഷം ഗ്യാസ് കണക്ഷൻ നിർബന്ധമാക്കിയത് കൊണ്ട് പി.ടി.എ യുടെ സഹായത്താൽ അടുക്കള ഗ്രില്ലിട്ട് വാതിൽ വെച്ച് ഭദ്രമാക്കിയിട്ടുണ്ട്. ക്ലാസ്റൂമുകളിൽ എല്ലാം ഈ വർഷം പി.ടി.എ യുടെയും അധ്യാപകരുടെയും സഹായത്താൽ ഇലക്ട്രിക് ഫാനുകൾ ഫിറ്റ് ചെയ്തിട്ടുണ്ട്.

വെള്ളത്തിന് പൈപ്പ് കണക്ഷനാണ് ഉപയോഗപ്പെടുത്തുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും കണക്ഷനുകൾ സ്കൂളിലുണ്ട് രണ്ടും സൗജന്യ കണക്ഷനുകളാണ്. രണ്ട് കെട്ടിടങ്ങളിലായും ഓരോ ടാങ്ക് വീതം വെച്ച് പൈപ്പ് മുഖേന കുട്ടികൾ വെള്ളം ഉപയോഗിക്കുന്നു. പത്ത് വാട്ടർ ടാപ്പുകൾ ഫിറ്റ് ചെയ്തിട്ടുണ്ട്. ഒരു കണക്ഷൻ നേരത്തെ ഉണ്ടായിരുന്നെങ്കിലും രണ്ടാമത്തേത് കഴിഞ്ഞ വർഷം 2016 ലാണ് എടുക്കുന്നത് ഇതിന് വേണ്ടിയുള്ള വാട്ടർ ടാങ്ക് പി.ടി.എ പ്രസിഡണ്ടായിരുന്ന പി.പി ഷാഹുൽ ഹമീദ് സംഭാവന നൽകിയതാണ്. ഫിറ്റ് ചെയ്യാനാവശ്യമായ പണം SSA Grant ൽ നിന്ന് ഉപയോഗിക്കുകയായിരുന്നു. കുടിക്കാനുള്ള വെള്ളം തിളപ്പിച്ചാറ്റി കുട്ടികൾക്ക് കൊടുക്കാനാവശ്യമായ ടാപ്പുള്ള സ്റ്റീൽ പാത്രം ഉപയോഗിക്കുന്നു.

സ്കൂളിൽ ജനറലായി ഒരു ടോയ്ലെറ്റ് മാത്രമാണുള്ളത്. മൂത്രപ്പുര വളരെ പഴക്കം ചെന്നതാണ്. എട്ട് യൂറിനൽ സൗകര്യമുണ്ട്. എന്നാൽ പഴയ രീതിയിലുള്ള നിർമ്മാണമായതിനാൽ വാസന മാറുന്നില്ല. ക്ലോസറ്റും ടൈൽസും ഇട്ട് പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. സ്കൂളിന് വിശാലമായ ഒരു കളിസ്ഥലമുണ്ട്. ഇത് കുട്ടികൾക്ക് ഏറെ ആശ്വാസകരമാണ്. രണ്ട് കെട്ടിടങ്ങളുടെ ഇടയിലൂടെ റോഡ് കടന്നുപോകുന്നത് കൊണ്ടും, ചുറ്റുമതിൽ ഇല്ലാത്തത് കൊണ്ടും കുട്ടികൾ അപകട ഭീഷണി നേരിടുന്നുണ്ട്.

നിലവിലുള്ള കെട്ടിടങ്ങൾ സൗകര്യപ്രദവും, ആകർഷണീയവുമല്ല. ഒരു പുതിയ കെട്ടിടം പണിയാൻ മാനേജ്മെന്റ് ഭാഗത്ത് നിന്ന് ശ്രമം തുടങ്ങിയത് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. ഡിജിറ്റൽലൈബ്രറി, മൾട്ടിമീഡിയറൂം, കമ്പ്യൂട്ടറുകൾ, ഓഫീസ് റൂം ,സ്റ്റാഫ് റൂം, സ്റ്റോറൂം, നല്ല മൂത്രപ്പുരകൾ,ടോയ്ലെറ്റുകൾ , പാചകത്തിനാവശ്യമായ അടുക്കള എന്നിവയെല്ലാം സ്കൂളിന്റെ അത്യാവശ്യങ്ങളാണ്. ബന്ധപ്പെട്ടവരിൽ നിന്നെല്ലാം സഹായം നേടി മൂന്ന് വർഷം കൊണ്ട് ഈ സൗകര്യങ്ങളെല്ലാം ഉണ്ടാക്കാൻ സാധിക്കുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്.

* * * *

# അവസ്ഥ വിശകലനം

## കണ്ടെത്തിയ കാരണങ്ങൾ

### കുട്ടികളിൽ

* പഠനത്തിൽ താല്പര്യം ഇല്ലായ്മ (വായനയിൽ)
* ഭാഷാശേഷികൾ വേണ്ടത്ര ആർജിക്കാനുള്ള കഴിവില്ലായ്മ
* തുടർച്ചയായി സ്കൂളിൽ വരാത്തത്
* ചെറിയ ക്ലാസുകളിൽ നിന്ന് അക്ഷരങ്ങളും ചിഹ്നങ്ങളും വേണ്ടത്ര ഉറയ്ക്കാതെ വരുന്നവർ
* വായനയുടെ അഭാവം

### അധ്യാപകരിൽ

* ഭിന്നനിലവാരക്കാരെയും പരിഗണിക്കേണ്ട അവസ്ഥ
* പ്രവർത്തനങ്ങളും സ്വയം ടീച്ചർ കണ്ടെത്തുന്ന പ്രവർത്തനങ്ങളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥ
* പാഠഭാഗങ്ങളുടെ ആധിക്യം
* സമയക്കുറവ്
* സമയബന്ധിതമായി പാഠഭാഗങ്ങൾ തീർക്കാനുള്ള പ്രയാസം

### രക്ഷിതാവ്

* താല്പര്യക്കുറവ് (പഠനകാര്യങ്ങളിൽ)
* കുടുംബപ്രശ്നങ്ങൾ
* സാമ്പത്തികം,താല്പര്യക്കുറവ്
* അറിവില്ലായ്മ

### സംവിധാനം

* ICT യും കഥാ പുസ്തകങ്ങളും വേണ്ടത്ര പ്രയോജനപ്പെടുത്തി താല്പര്യമുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കൽ
* ഭിന്ന തല പ്രവർത്തനങ്ങൾ നൽകൽ
* കാവ്യകേളി, കവിയരങ്ങ്, അഭിമുഖം ഇവയൊക്കെ നടത്താനുള്ള സാമ്പത്തികക്കുറവ്
* ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കാനുള്ള ഭൗതിക സാഹചര്യക്കുറവ്

### പരിഹാരബോധനം

* Pre -Test നടത്തി കുട്ടികളുടെ നില നിർണ്ണയിക്കൽ
* കുട്ടികൾക്ക് അനുയോജ്യമായ കഥാപുസ്തകങ്ങൾ കണ്ടെത്തി വിതരണം ചെയ്യൽ
* ഓരോ കുട്ടിയുടേയും രക്ഷിതാവിന്റെയും പിറന്നാൾ സമ്മാനമായി പുസ്തകം ശേഖരിക്കൽ
* ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ
* CPTA യിൽ വീട്ടിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ
* റിസോഴ്സ് അധ്യാപകരുടെ സേവനം സ്കൂളിൽ പരമാവധി പ്രയോജനപ്പെടുത്തുക

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

**കണ്ടെത്തിയ പരിമിതികൾ**

* ഒഴുക്കോടെയുള്ള വായനയുടെ അഭാവം
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പ്രയാസം
* സംസാരഭാഷ ലേഖനത്തിൽ പ്രകടിപ്പിക്കുക
* ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും ശരിയായി ഉറയ്ക്കാത്ത അവസ്ഥ
* വായനയുടെ അഭാവം
* രക്ഷിതാക്കളുടെ അറിവില്ലായ്മ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ മലയാളത്തിളക്കം | Pre-Test<br>*അക്ഷരം ഉറപ്പിക്കൽ<br>*അടയാളം ഉറപ്പിക്കൽ<br>*അക്ഷര കാർഡ് നൽകൽ<br>*വാക്കുകൾ എഴുതിയ കാർഡ്<br>*വാക്കുകൾ നിർമ്മിക്കൽ<br>ചിത്രം-അടിക്കുറിപ്പ്<br>കഥ പറയൽ,കഥ എഴുതൽ<br>കഥാപുസ്തകങ്ങൾ നൽകൽ<br>*പ്രത്യേകം ക്ലാസ്സ് (പിന്നോക്കകാർക്ക്) | ജൂൺ<br>ജൂലൈ<br>ആഗസ്ത്<br>സെപ്റ്റംബർ | Teacher<br>HM | 1000 | SSA |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>*വായനമൂല,ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>*സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>*വായനോത്സവം സംഘടിപ്പിക്കൽ<br>*പത്രവായന<br>*അമ്മ വായന<br>*വായനാനുഭവം പങ്കുവെക്കൽ<br>*വായനാക്കുറിപ്പ്,പതിപ്പ്<br>*വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>*ക്ലാസ് സഭ,സ്കൂൾ സഭ ബാലസഭ<br>*ദിനാചരണങ്ങൾ | ഒക്ടോ:<br>നവം:<br>ഡിസം: | രക്ഷിതാവ്<br>HM<br>SSG | 1000 | BRC<br>PTA |

| | | | | | |
|---|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | *എഴുത്തുക്കൂട്ട രൂപീകരണം<br>*പുസ്തക ചർച്ച<br>വായനാക്കുറിപ്പ് പതിപ്പ്<br>*ചുമർപത്രിക<br>*ആസ്വാദനക്കുറിപ്പ്<br>*പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>*സാഹിത്യകാരൻമാരുമായുള്ള അഭിമുഖം<br>*കവിയരങ്ങ്<br>*ICT സാധ്യത പ്രയോജനപ്പെടുത്തൽ<br>*പിറന്നാൾ സമ്മാനം പുസ്തക സമാഹരണം | ജനു:<br>ഫെബ്രു:<br>മാർച്ച് | Classtr<br>SRG<br>കൺവീനർ<br>SSG | 1000 | PTA |

**കണ്ടെത്തിയ കാരണങ്ങൾ**

**കുട്ടികളിൽ**

* ഗണിതം പ്രയാസം എന്ന മുദ്രാവാക്യം നിലനിൽക്കുന്നു
* അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്
* പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്ത അവസ്ഥ
* തുടർച്ചയായ അസുഖങ്ങൾ

**അധ്യാപകരിൽ**

* എല്ലാകുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ്സ് റൂം കൈകാര്യം ചെയ്യാൻ പറ്റാത്ത അവസ്ഥ
* ഭിന്ന നിലവാരായ കുട്ടികളുള്ള ക്ലാസിലെ അധ്യാപനം
* വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ നടപ്പാക്കാൻ പറ്റാത്ത അവസ്ഥ
* പഠനോപകരണങ്ങൾ ഇല്ലാതെയുള്ള ക്ലാസ്സ് റൂം
* സമയക്കുറവ്
* അധ്യാപക സഹായിയെ ആശ്രയിച്ചുള്ള അധ്യാപനം
* സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂട്

**രക്ഷിതാവ്**

* വീടുകളിലെ പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല
* രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല
* പ്രവൃത്തി ദിനങ്ങളിലുള്ള യാത്രകൾ,വിരുന്നുകൾ
* കുടുംബപ്രശ്നങ്ങൾ
* സാമ്പത്തികം
* താല്പര്യക്കുറവ്
* അറിവില്ലായ്മ

**സംവിധാനം**

* അധ്യാപക പരിശീലനങ്ങൾ നടക്കുന്നുണ്ടെങ്കിലും വാചികരൂപത്തിൽ ഒതുക്കുന്നു
* ക്ലസ്റ്റർ തലങ്ങൾ വേണ്ടത്ര ഫലപ്രദമല്ല
* വിലയിരുത്തലുകൾ നടക്കുന്നുണ്ടെങ്കിലും ഫീഡ് ബാക്ക് ലഭിക്കുന്നില്ല

**പരിഹാര ബോധനം**

* Pre Test നടത്തി കുട്ടികളുടെ നില നിർണ്ണയിക്കൽ
* അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
* എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കൽ
* ഗണിത ക്ലബ് രൂപീകരണം
* അധിക സമയം കണ്ടെത്തൽ
* ഗണിത പഠനം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തൽ
* ഗണിത ലാബ് സജ്ജീകരിക്കൽ
* CPTA ഫലപ്രദമാക്കൽ
* വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങങ്ങൾ ആസൂത്രണം ചെയ്യൽ
* റിസോഴ്സ് അധ്യാപകരുടെ ക്ലാസ്സുകൾ വിദ്യാലയങ്ങളിൽ നടപ്പാക്കാൻ ശ്രമിക്കൽ
* ICT പരിശീലനം അധ്യാപകർക്ക് കാലക്രമത്തിനനുസരിച്ച് സംഘടിപ്പിക്കുക

## ഗണിതം

### കണ്ടെത്തിയ പരിമിതികൾ

1. കുട്ടികളിൽ സംഖ്യാബോധം ഉറക്കാത്ത അവസ്ഥ
   1 മുതൽ 4 വരെ ക്ലാസിലുള്ള എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല
2. ICT അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പരിമിതികൾ
3. ഗണിതലാബിന്റെ അഭാവം ഗണിതം മനസ്സിലാക്കാനുള്ള പ്രയാസം അതുകൊണ്ടുണ്ടാകുന്ന താല്പര്യക്കുറവ്
4. രക്ഷിതാക്കൾക്ക് മാർക്ക് മതിയെന്ന കാഴ്ചപ്പാട്

ഉപപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് താല്പര്യം വളർത്തുക | *സെമിനാർ സംഘടിപ്പിക്കൽ ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും കുട്ടികളുമായി പങ്ക് വെക്കുക. | ജനുവരി<br>മാർച്ച് | HM SRG കൺവീനർ Class Tr. | ക്ലാസ് സംഘടിപ്പിക്കൽ 1000 | PTA |
| 2. ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | *അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തൽ<br>*ചോദ്യവലിതയ്യാറാക്കൽ<br>*Pre-Test<br>*മൂല്യനിർണയം<br>*സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>*വർക്ക് ഷീറ്റുകൾ നൽകുന്നു.<br>*രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകുന്നു. | ജൂൺ<br>ജൂലായ് | H M<br>Class Tr.<br>SRG<br>കൺവീനർ | വർക്ക് ഷീറ്റ്<br>1000 | PTA |

| | | | | | |
|---|---|---|---|---|---|
| 3. ഗണിത ക്ലബ് രൂപീകരണം | *ഓരോ ക്ലാസ്സി ലെയും 1/4 ഭാഗം ഗണിതക്ലബിൽ അംഗങ്ങൾ ആകണം<br>*ക്ലബ് പ്രവർത്ത നങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തല ത്തിലും നടപ്പാ ക്കുക<br>*പഠനോപകരണ ങ്ങൾ നിർമ്മാണം<br>*വർക്ക് ഷീറ്റ് തയ്യാറാക്കൽ | ആഗസ്റ്റ് | PTA<br>Classtr | ഗണിതകിറ്റ്<br>1000 | SSG |
| 4. ലിറ്റിൽ മാസ്റ്റർ | ഗണിതശാസ്ത്ര ത്തിൽ മികച്ച കുട്ടി കളെ കണ്ടെത്തി അവരെ വർഷാവ സാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയിതെര ഞ്ഞെടുക്കുന്നു | നവംബർ | HM<br>Staff | 1000 | PTA<br>Staff |
| 5. ഡോക്യുമെന്ററി | ഗണിത നാട്ടറിവ് പുരാതന വസ്തു ക്കൾ പരമ്പരാഗത തൊഴിലാളികൾ, മരപ്പണി, പടവുകാർ, എന്നിവരുമായി അഭിമുഖം | ഡിസംബർ | Classtr<br>HM | 1000 | PTA |
| 6. ഗണിതാ സ്വാദനം | ഗണിതം കൂടുതൽ ആ സ്വാദ്യകരവും,തു ടർപ്രവർത്തനങ്ങ ളൂടെ സാധ്യതയു ള്ളതുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു | ഒക്ടോബർ | Classtr<br>PTA | 1000 | SSG |

| | | | | | | |
|---|---|---|---|---|---|---|
| | | ക്വിസ് മത്സരങ്ങൾ,പസ്സിലുകൾ കുസൃതികണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു ICT സാധ്യത പ്രയോജനപ്പെടുത്തുന്നു | ഒക്ടോബർ | Clsstr<br>PTA | 1000 | BRC |
| 7. | മാത്സ് ബ്ലോഗ് | കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗിൽ കയറ്റുന്നു | ഫിബ്രുവരി | HM<br>STAFF | | STAFF |
| 8. | ഗണിതശാസ്ത്ര കോൺഫറൻസ് | പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു. വിലയിരുത്തുന്നു. പ്രോത്സാഹിപ്പിക്കുന്നു. അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | മാർച്ച് | STAFF<br>HM<br>SRG കൺവീനർ | | |
| 9. | എല്ലാകുട്ടികളിലും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഓരോ കുട്ടിക്കും ഗണിത കിറ്റ് (സംഖ്യാകാർഡുകൾ ഈർക്കിൾ, മഞ്ചാടി, സ്കെയിൽ ......... | ജൂൺ | Tr<br>കുട്ടി | 500 | SSA |
| 10. | സംഖ്യാബോധം എല്ലാകുട്ടികളിലും ഉറപ്പിക്കൽ | CPTA വിളിക്കൽ ഗണികകിറ്റ് ഫലപ്രദമായി ഉപയോഗിക്കൽ ആവശ്യമായ സാധനങ്ങൾ കിറ്റിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തൽ | ജൂലൈ | കുട്ടി<br>Tr<br>രക്ഷിതാവ് | | SSA |

| | | | | | | |
|---|---|---|---|---|---|---|
| 11. | പഠനോപകരണ ശിൽപശാല സംഘടിപ്പിച്ച് നിർമ്മാണ പ്രവർത്തന ങ്ങൾ ഉറപ്പു വരുത്തൽ | ഗണിത പഠനോപക രണങ്ങൾ ഉണ്ടാ ക്കാൻ കഴിയുന്നറ സ്സോഴ്സ് അധ്യാപ കരുടെ സേവനം ഉറപ്പാക്കുന്നു. വിവിധ ഉപകരണ ങ്ങൾ ക്ലോക്ക്,സംഖ്യാ കാർഡുകൾ,സ്ഥാന വില പോക്കറ്റ് തുട ങ്ങിയവയുടെ നിർമ്മാണം | ആഗസ്റ്റ് | സംഘടന Tr PTA | 1000 | PTA |
| | ഗണിതവുമായി അടുപ്പിക്കൽ | ഗണിതവുമായി അയാതെ കുട്ടി കളെ അടുപ്പിക്കാൻ ഗണിത കേളി കളിൽ ഏർപ്പെടൽ ഞാനാര് ? ഒറ്റയോ ഇരട്ടയോ? കച്ചവട കടകളിൽ കയറാം, കാർഡ് കളി എണ്ണാം എഴുതാം തുടങ്ങിയ ലഘുകളിൽ ഏർപ്പെടൽ | ജൂൺ | TR കുട്ടികൾ രക്ഷിതാവ് | 250 | TR |

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## പ്രശ്ന വിശകലന ഫോർമാറ്റ് - 1

**മേഖല : അക്കാദമികം** **വിഷയം: പരിസരപഠനം**

**പ്രശ്നം : പരീക്ഷണങ്ങൾ വേണ്ടത്ര ഫലപ്രദമായി ചെയ്യാൻ കഴിയുന്നില്ല**

**ലക്ഷ്യം : പരീക്ഷണ നിരീക്ഷണങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുക**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പരീക്ഷണങ്ങൾ നടത്താൻ ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുക (സാമഗ്രികൾ മുൻകൂട്ടി ശേഖരിക്കുക)(ഓരോ യൂണിറ്റുമായി ബന്ധപ്പെട്ടവ) | Tr<br>രക്ഷിതാവ് | ജൂൺ | | SSG |
| CPTA വിളിക്കുക<br>ആവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കുന്നതിനെ പറ്റി - ചർച്ച | രക്ഷിതാവ് | സെപ്റ്റം - ഡിസം | | |
| വിവരശേഖരണവും ബോധവൽക്കരണവും | SSG | | | |
| CPTA വിളിക്കുക<br>SSG അംഗങ്ങളുടെ സഹായത്തോടെ ഗൃഹ സന്ദർശനം,വിവരശേഖരണം,ബോധവൽക്കരണം<br>മഴക്കാല രോഗങ്ങൾ,<br>പ്ലാസ്റ്റിക് വിമുക്ത വിദ്യാലയവും വീടും<br>സ്വന്തം പ്രദേശത്തെ തൊഴിലുകൾ | കുട്ടി | | | |
| ശേഖരണം (ഇലകൾ,വേരുകൾ,വിത്തുകൾ,മണ്ണുകൾ പ്രദർശനം | | | | |

പ്രശ്നം : പരീക്ഷണങ്ങൾ വേണ്ടത്ര ഫലപ്രദമായി ചെയ്യാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പ്രവർത്തനങ്ങൾ |
|---|---|---|
| കുട്ടി:<br>സാമഗ്രികളുടെയും,സാഹചര്യങ്ങളുടെയും അപര്യാപ്തത<br>ഗണിതെ പ്രയാസം എന്ന കാഴ്ചപ്പാട്<br><br>ടീച്ചർ: സമയക്കുറവ്<br>* പഠനോപകരണങ്ങൾ ആവശ്യത്തിനില്ല<br><br>* പരീക്ഷണങ്ങൾ ചെയ്യാൻ ആവശ്യമായ ലാബുകളുടെ പര്യാപ്തത<br><br>* സാമ്പത്തികം<br><br>* ക്ലസ്റ്റർ തലങ്ങളിൽ കൂടുതൽ പരീക്ഷണാനുഭവങ്ങൾ ലഭ്യമാക്കൽ<br><br>* വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല<br>രക്ഷിതാവ് താൽപര്യക്കുറവ്<br>സാമ്പത്തികം<br>അറിവില്ലായ്മ<br><br>* പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല<br>പ്രവർത്തി ദിനങ്ങളിലുള്ള താത്ര<br><br>* രക്ഷിതക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല | * Pre - Test<br><br>* ഗണിത ക്ലബ് രൂപീകരണം<br>രക്ഷിതാക്കളുമായി ചർച്ച നടത്തി സാമഗ്രികൾ സംഘടിപ്പിക്കൽ<br><br>CPTA<br>* അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ<br>ടീച്ചർ വേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കുക<br><br>* പരിശീലനങ്ങൾ ഫലപ്രദമാക്കൽ<br><br>* പ്രാക്റ്റിക്കൽ എക്സിപിരിയൻസ് കാണിക്കുന്നതിൽ ക്ലസ്റ്റർ തലങ്ങൾ മാറുന്നില്ല<br><br>ICT പരിശീലനം അധ്യാപകർക്ക് നൽകുക<br>ബോധവൽക്കരണം<br>വിലയിരുത്തലുകൾ നടക്കുന്നുണ്ടെങ്കിലും ഫീഡ് ബാക്ക് ലഭിക്കുന്നില്ല | പരീക്ഷണകിറ്റ് സംഘടിപ്പിക്കൽ<br><br>പരീക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകൽ |

പരിസരപഠനം

കണ്ടെത്തിയ പരിമിതികൾ

* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഭൗതിക സാഹചര്യക്കുറവ്
* ശാസ്ത്രാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങളിൽ താൽപര്യക്കുറവ്
* ഡിജിറ്റൽ ക്ലാസ് റൂമിന്റെ അഭാവം
* പ്രോജക്ട് പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹകരണക്കുറവ്
* പരീക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങാനുള്ള സാമ്പത്തിക കുറവ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. ശാസ്ത്ര ലാബ് നവീകരിക്കൽ | *പൂർവ്വ വിദ്യാർത്ഥി SSG,PTA തുടങ്ങി കമ്മറ്റി രൂപീകരണം *ചർച്ച | ജൂൺ മുതൽ | PTA HM SSG Class tr | 1000 | BRC |
| 2. എല്ലാ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണം നടത്താനുള്ള സൗകര്യം ഒരുക്കൽ | *മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ പരീക്ഷണങ്ങൾ കണ്ടെത്തൽ *ഗ്രൂപ്പായും,വ്യക്തിഗതമായും പരീക്ഷണം ചെയ്യാൻ അവസരം *കൂടുതൽ സമയം പരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ജൂലായ് ആഗസ്റ്റ് മുതൽ മാർച്ച് | Class tr | 500 | PTA |
| 3. ശാസ്ത്ര മാഗസിൻ നിർമ്മാണം 4. ഡിജിറ്റൽ ലൈബ്രറി | *കുട്ടികളുടെ കണ്ടെത്തലുകൾ *ശാസ്ത്ര പരീക്ഷണ നിരീക്ഷണ കുറിപ്പുകൾ *ശേഖരണങ്ങൾ ആവശ്യമായ ഫെൻസിന് | ആഗസ്റ്റ് മുതൽ മാർച്ച് | Class tr SRG | | BRC PTA |

അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്

# Special Programme For English Efficincy Development

പ്രശ്നം : ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികൾക്കും കഴിയുന്നില്ല.

: ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക

: എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ആശയ വിനിമയത്തിൽ പ്രാപ്തരാക്കുക

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഒരുക്കൽ<br>* പേക്കറ്റ് സാധനങ്ങളുടെ പേരുകൾ ശേഖരിക്കൽ<br>* വിവിധ സ്ഥലങ്ങളിൽ ഇംഗ്ലീഷിലെ നിർദ്ദേശങ്ങൾ എഴുതി ഒട്ടിക്കുക (keep clean, queup,dont waist food, keep silence....)<br>* spelling game<br>* കുട്ടികളും അധ്യാപകരും തമ്മിലുള്ള ആശയ വിനിമയം ഇംഗ്ലീഷിൽ ആക്കുക<br>* English assembly<br>* English day ( one<br>* Day in a week)<br>* English news paper Reading<br>* പദസമ്പത്ത് വർദ്ധിപ്പിക്കൽ (Notice Board) | Students<br>Teacher<br>Parants | ജൂൺ<br>ജൂലായ്<br>ആഗസ്ത്<br>സെപ്റ്റം | 1000<br>1000 | SRG<br>SSA<br>SSG |

**കണ്ടെത്തിയ പരിമിതികൾ ഇംഗ്ലീഷ്**

* ഇംഗ്ലീഷിൽ ആശയ വിനിമയത്തിന് കുട്ടികൾക്ക് പ്രയാസം നേരിടുന്നു.
* ഒഴുക്കോടെ വീയനയും എഴുത്തും ഇംഗ്ലീഷിൽ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല
* അക്ഷരതെറ്റ് ഇല്ലാതെ പദങ്ങളും വാക്യങ്ങളും എഴുതാനുള്ള പ്രയാസം
* സ്വന്തം ആശയങ്ങൾ ഇംഗ്ലീഷിൽ പ്രകടിപ്പിക്കാനുള്ള പ്രയാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. കുട്ടിക്ക് ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ അവസരം ഒരുക്കൽ | *ക്ലാസ്സിലും, മറ്റ് സമയങ്ങളിലും ടീച്ചറും കുട്ടികളും ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുക<br>*സിനിമ, കാർട്ടൂൺ തുടങ്ങിയവ കാണാനും സംഭാഷണങ്ങൾ ശ്രമിക്കാനുള്ള അവസരം ഒരുക്കുക<br>*ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കഥാപുസ്തകങ്ങൾ വിതരണം ചെയ്യുക | class tr<br>രക്ഷിതാവ് | ജൂൺ<br>ജൂലായ്<br>ആഗസ്ത്<br>സെപ്റ്റം: | 1000 | BRC<br>SSG |
| 2. ഇംഗ്ലീഷിൽ ഒഴുക്കോടെയുള്ള വായനയും ലേഖന പ്രവർത്തനങ്ങളിലും ഏർപ്പെടുത്തൽ | *Sentence card നിർമ്മാണം<br>*words card<br>*shuffling ചെയ്ത് ക്ലാസ്സിൽ ഒന്നിച്ച് ഇടുന്നു കുട്ടികൾ അവർക്ക് കിട്ടിയത് വായിക്കുന്നു.<br>*E വായന കഥാപുസ്തകങ്ങൾ | class tr | ഒക്ടോ:<br>നവം: | 1000 | BRC<br>SSG |
| 3. ഇംഗ്ലീഷിൽ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>സ്വതന്ത്രരചനകളിൽ ഏർപ്പെടൽ | കുട്ടി ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ ഇംഗ്ലീഷിൽ എഴുതി വിവിധ സ്ഥലങ്ങളിൽ ഒട്ടിക്കുക | class tr | | | |

| | | | | | | |
|---|---|---|---|---|---|---|
| 4. | സ്വതന്ത്ര രചനകളിൽ ഏർപ്പെടൽ | *പരിചതമായ വസ്തുക്കളെക്കുരിച്ച് Friuts,Birds,Vegitables തുടങ്ങിയവയെക്കുറിച്ച് ലഘുകുറിപ്പുകൾ എഴുതുക<br>* About my self<br>* My family<br>* My school<br>* English magazine തയ്യാറാക്കുക<br>* ലഘു രചനകൾ Rhymes Stories Discriptions Riddles | Students<br>Parents | ഡിസം:<br>ജനു: | 1000 | |
| 5. | സർഗ്ഗവേളകൾ | * Story telling<br>* Recitation<br>* Monoact<br>* TB activities<br>* Drama<br>* Speech<br>* Anchoring in English | Classtr<br>PTA | മാർച്ച് | 1000 | BRC<br>SSA |

## അവസ്ഥ വിശകലനം (അറബിക്)

* എല്ലാ കുട്ടികൾക്കും ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാൻ കഴിയുന്നില്ല.
* ആശയ ഗ്രഹണത്തോടെ എല്ലാവർക്കും വായിക്കാൻ കഴിയുന്നില്ല
* പദസമ്പത്തിന്റെ കുറവ്കാരണം ലേഖനത്തിൽ പ്രയാസം നേരിടുന്നു
* ലേഖനത്തിൽ അക്ഷരത്തെറ്റുകൾ സംഭവിക്കുന്നു
* വായനയോടുള്ള താത്പര്യക്കുറവ് കാണുന്നു
* ആശയ വിനിമയം നടത്തുന്നതിലുള്ള ആത്മവിശ്വാസക്കുറവ്

## കാരണം

* കുട്ടി സാഹചര്യം (വീട്-വിദ്യാലയം) വേണ്ടത്ര വായനക്ക് താത്പര്യ ജനകമല്ല
* അറബിക് അന്യഭാഷയായതു കൊണ്ട് കേൾക്കാനും അനുഭവിക്കാനുമുള്ള അവസരക്കുറവ്
* വായനാമെറ്റീരിയൽസ് (പുസ്തകം,ചിത്രകഥ,സി.ഡി) മുതലായവയുടെ ദൗർലഭ്യം

## പരിഹാരം

* ഭാഷകേൾക്കാനും സംസാരിക്കാനുമുള്ള കൂടുതൽ അവസരം ഒരുക്കൽ
* താത്പര്യജനകമായ രീതിയിൽ അവതരണം പുതിയ രീതികൾ, മാധ്യമങ്ങൾ ഇവയുടെ ഉപയോഗം
* ആഴ്ചയിലൊരിക്കലെങ്കിലും അറബിഭാഷയുമായി ബന്ധപ്പെട്ട സൈറ്റ് സി.ഡി മുതലായവയുടെ പ്രദർശനം

## അക്കാദമിക മാസ്റ്റർപ്ലാൻ (അറബിക്)

മേഖല: അക്കാദമികം

പ്രശ്നങ്ങൾ

1. സ്വതന്ത്രവായനക്ക് പ്രയാസം നേരിടുന്നു
2. സ്വതന്ത്രആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു
3. സ്വതന്ത്രലേഖനത്തിനു പ്രയാസം നേരിടുന്നു
4. പദസമ്പത്തിന്റെ കുറവ് അനുഭവപ്പെടുന്നു

ലക്ഷ്യം

* എല്ലാകുട്ടികളെയും മികച്ച വായനക്കാരാക്കുക
* ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ
* എല്ലാ കുട്ടികളെയും അവരുടെ നിലവാരത്തിൽ ചെറുകഥ,കവിത, മുതലായ വയുടെ ലേഖനത്തിലുള്ള കഴിവ് വർദ്ധിപ്പിക്കൽ
* പദസമ്പത്ത് വർദ്ധിപ്പിക്കൽ
* അക്ഷരങ്ങളുടെ സാമ്യ-വ്യത്യാസങ്ങൾ തിരിച്ചറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം | അവസ്ഥാപഠനം | June 7 to30 | Teacher | 1000 |
| | വിശകലനം | July 1 | PTA & SSG | |
| | വായനാ സാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ, പുസ്തകം) | July 2 to20 | Teacher | |
| | തുടർവായന | July 21 | | |
| | ആശയാവതരണം | Weekly | PTA,SSG | 1000 |
| | വായനാഫെസ്റ്റ് | March 10 | | |
| | മെറ്റീരിയൽ ശേഖരിക്കൽ | July 1-25 | PTA | |
| walk with arabic | കേൾക്കാം, പറയാം | June to march | TEACHER | |
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം<br>എന്റഫെ സ്വന്തം നിഘണ്ടു | June - august | | |
| ഒന്നിൽ പലതും | പദചങ്ങല<br>പദപ്പയറ്റ് | Sept - Febru | TEACHER | |
| ക്ലബ് ശാക്തികരണം | അലിഫ്ക്ലബ് രൂപീകരണം<br>പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം<br>ദിനാചരണം<br>പോസ്റ്റർ നിർമ്മാണം | June - March | | |

| വിഷയം : കലാകായികം | | |
| --- | --- | --- |
| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പ്രവർത്തനങ്ങൾ |
| കുട്ടി: വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല<br>* സാമ്പത്തിക പ്രയാസം<br>* അവസരങ്ങൾ ലഭിക്കുന്നില്ല<br>* സമയക്കുറവ് | പരിശീലനം ലഭിച്ച അധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കുക | |
| പാഠഭാരം | സിലബസിലെ കണ്ടൻസ് കുറയ്ക്കുക<br>പരിശീലനം ലഭ്യമാക്കുക | ICT |
| Tr<br>പരിശീലനക്കുറവ്<br>സിലബസിന്റെ ആധിക്യം<br>സമയക്കുറവ് | ബോധവൽക്കരണം | |
| രക്ഷിതാവ്<br>അറിവില്ലായ്മ<br>സാമ്പത്തികം<br>താല്പര്യക്കുറവ് | സ്പോർട്സ് ഉപകരണങ്ങൾ സ്കൂളിന് ലഭ്യമാവണം നശിച്ച് പോകുന്നതായ കൊണ്ട് ഓരോ വർഷവും ഉപകരണങ്ങൾ ലഭിക്കണെ തുണ്ട് പിറ്റ്,ട്രാക്ക് എന്നിവ പി.ടി.എ യുടെ സഹായ ത്തോടെ നിർമ്മിക്കുന്നു | |
| ഉപകരണങ്ങൾ<br>സ്പോർട്സ് ഉപകരണങ്ങളുടെ അപര്യാപ്ത<br>ട്രാക്ക്,പിറ്റ് സൗകര്യങ്ങളുടെ കുറവ് | | |

മേഖല : അക്കാദമികം

ലക്ഷ്യം: കുട്ടികളിലുള്ള കലാവാസനകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്ന തിനും ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സർഗവേളകൾ സംഘടിപ്പി ക്കൽ ആരോഗ്യ കായികരംഗങ്ങളിൽ മുൻ നിരയിൽ എത്തിക്കുക

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആഴ്ചയിൽ ഒരു പിരീഡ് ക്ലാസ് തലത്തിലും മാസത്തിൽ ഒരു പിരീഡ് സ്കൂൾ തലത്തിലും സർഗവേളകൾ സംഘടിപ്പിക്കുക<br>CPTA ചർച്ച വ്യക്തിഗത പരിശാലനത്തിന് അവസരം നൽകുക<br>കലാകായിക പ്രവർത്തനത്തിന് പ്രത്യേകം പരിശീലനം നേടിയ അധ്യാപകരെ നിയമിക്കുക<br>ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെയും കുട്ടികളുടെയും സഹായത്തോടെ ക്ലാസ്സിൽ നടത്തുക<br>ടെസ്റ്റ് വുക്കുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂക്കൾ,പക്ഷികൾ,ശലഭങ്ങൾ,തോണി,തൊപ്പി ഉത്പന്നങ്ങളുടെ പ്രവർത്തനം | Class tr<br><br>Class tr | June<br><br>to<br><br>March | | SRG<br><br>SSG<br><br>SSA |